(*b*) whether Government be pleased to consider sympathetically the different points raised in the article;

(*c*) whether they will be pleased to extend the period of the payment of all sorts of arrears of rent by the Verumpattam Tenant to the end of this official year as requested by the writer of the article ?

**Mr. A. Madhava Prabhu** *(Diwan Peishkar) :*

(*a*) Yes.

(*b*) and (*c*) Government do not consider it necessary to give any further extension.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* I wish to know, Sir, whether in the budget session of 1118 a cut motion to the same effect had not been passed?

**Mr. A. Madhava Prabhu** *(Diwan Peishkar):* There was I think a cut motion. I am not certain.

**Mr. P. Kumaran Ezhuthassan** *(Vdakkaacheri):* My question is to the Government. Any Hon'ble Member on the Treasury Benches may answer it.

**Mr. M. Sivarama Menon** *(Advocate-General):* I remember there was such a cut motion.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* Have orders been passed on that cut, Sir?

**Mr. M. Sivarama Menon** *(Advocate-General):* It was in pursuance of that resolution that a further extension for a limited time was granted.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* Are we to take it, Sir, that the period "till the end of Vrischigam" in the Proclamation is sufficient in the opinion of the Government ?

**Mr. M. Sivarama Menon** *(Advocate-General) :* That is so as at present advised.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* Will the Government in the light of this article in the "Sahodaran" be pleased, Sir, to consider the desirability of further extension being granted to these ryots.

**Mr. M. Sivarama Menon** *(Advocate-General):* This is a question of policy and cannot be the suhject matter of an off hand answer.

## KARITHALA CANAL—ERNAKULAM

**187. Mrs. Thankamma N. Menon** *(Womens-Ernakulam):*

ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഏറണാകുളത്തു കരിത്തല തോട്ടിലെ വെള്ളം ശരിയായി ഒഴിഞ്ഞുപോകാത്തതു കൊണ്ടു കരിത്തലപ്പാടത്തും അയൽ പ്രദേശങ്ങളിലും ഉള്ള നെൽകൃഷികൾക്കും മറ്റും വളരെ നാശങ്ങൾ വന്നിട്ടുണ്ടെന്നുള്ള സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പതിഞ്ഞിട്ടുണ്ടോ ;

(ബി) ഇപ്രകാരം വെള്ളം ഒഴിഞ്ഞുപോകാതിരിക്കുവാനുള്ള കാരണം എന്താണെന്ന സംഗതി ഗവൺമെണ്ടു അന്വേഷിക്കുകയുണ്ടായിട്ടുണ്ടോ;

(സി) തേവര തോട്ടിലുള്ള രണ്ടു തൂമ്പുകളുള്ളതിൽ ഒരെണ്ണം ഇക്കൊല്ലം തുലാവർഷം നില്ക്കുന്നതിനു് വളരെ മുമ്പുതന്നെ പൂട്ടിയിരിക്കുന്ന വിവരം ഗവൺമെണ്ടിന്നറിയാമോ ;

(ഡി) കരിത്തല തോട്ടിലെ വെള്ളം വന്നുചേരുന്നതായ തേവര തോട്ടിൽ മത്സ്യക്കാപ്പുകൾ (മത്സ്യം പിടിക്കുന്ന വലകൾ) ഇട്ടിരിക്കുന്ന വിവരം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

**Mr. A. Madhava Prabhu** *(Diwan Peishkar):*

(എ) വളരെ നാശങ്ങൾ വന്നു എന്ന സംഗതി ഗവൺമെണ്ടു ദൃഷ്ടിയിൽ പെടുകയുണ്ടായിട്ടില്ല. പക്ഷെ വെള്ളം ഒഴുകിപോകുന്ന കാര്യത്തിൽ ഏതാനും തടസ്ഥങ്ങൾ വന്നതായി ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്.

(ബി) ഉവ്വു്.

(സി) അന്വേഷിച്ചതിൽ അങ്ങനെ അടച്ചതായിട്ടു മനസ്സിലായി. കേടുകൾ സംഭവിച്ചതുകൊണ്ടാണു് ആ തൂമ്പു അടക്കുവാൻ സംഗതിയായതു്. പക്ഷെ ജലനിയന്ത്രണം മറ്റെ തൂമ്പിൽകൂടി ചെയ്യാവുന്നതാണു്. എങ്കിലും തൂമ്പു നന്നാക്കുന്ന പണി ആരംഭിച്ചിട്ടുണ്ടു്.

(ഡി) ഉവ്വു്.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: വെള്ളം കെട്ടിനിന്നു് കൃഷിക്കു് വളരെ നാശം പറ്റീട്ടുണ്ടെന്നു കർഷകന്മാരുടെ ഒരു പെറ്റീഷൻ ഗവൺമെണ്ടിനു് കിട്ടീട്ടുണ്ടോ ?

**Mr. A. Madhava Prabhu** *(Diwan Peishkar):* Yes.

LIBRARY ARCHIVES Kerala Legislative Assembly

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: അതിനെപ്പററി ഗവമ്മെണ്ട് എന്തു് ആക്ഷനാണു് എടുത്തതെന്നു പറഞ്ഞാൽ കൊള്ളാം.

**Mr. A. Madhava Prabhu** *(Diwan Peishkar)*: We made enquiries and we came to understand that there was no substantial damage.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: കൃഷിക്കു നാശം വന്നിട്ടില്ലെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

**Mr. A. Madhava Prabhu** *(Diwan Peishkar)*: Slight damage was caused but not substantial damage.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: സബ്ഡിവിഷൻ ബി. പ്രകാരം വെള്ളം ഒഴിഞ്ഞുപോകാതിരിക്കുവാനുള്ള കാരണം എന്താണെന്ന സംഗതി ഗവമ്മെണ്ടു് അന്വേഷിക്കുകയുണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിനു ഉവ്വു് എന്നു പറഞ്ഞിട്ടുണ്ടു്. അന്വേഷണത്തിന്റെ ഫലം എന്തായിരുന്നു?

**Mr. A. Madhava Prabhu** *(Diwan Peishkar)*: One of the sluices was out of order and therefore it had to be closed. It is now being repaired. The other reason that was found was that there was obstruction for the flow of water covered by the net that was placed at the mouth of this canal for fishing purposes.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: മത്സ്യവലകൾ അവിടെ വെച്ചിരിക്കുന്നതുകൊണ്ടാണു് വെള്ളം കെട്ടിനില്ക്കുവാൻ കാരണമായിട്ടുള്ളതെന്നു രണ്ടുകൊല്ലം മുമ്പു് ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകൾ പറഞ്ഞിട്ടുണ്ടു്. അങ്ങിനെ പറഞ്ഞിട്ടുള്ളതായി ഓർക്കുന്നുണ്ടോ?

**Mr. A. Madhava Prabhu** *(Diwan Peishkar)*: That was brought to my notice by the Hon'ble Member herself.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: മത്സ്യവലകൾ ഉള്ളതുകൊണ്ടാണോ കൊല്ലാകൊല്ലം ഈ ബുദ്ധിമുട്ടുവരുന്നതെന്നാണോ ഇപ്പോഴും ബഹുമാനപ്പെട്ട ഗവമ്മെണ്ടു് വിചാരിക്കുന്നതു്?

**Mr. A. Madhava Prabhu** *(Diwan Peishkar)*: The year after that there was no obstruction at all. This year it was not on account of the net, but what happened was a lot of refuse came along with the water and that obstructed the passage of water. That was removed from time to time.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: അതു് ഒരുതരം പായലാണു്. ആ പായലാണു് മത്സ്യവലയിൽ വന്നു തങ്ങി നില്ക്കുന്നതു്. അതുകൊണ്ടാണു് വെള്ളം ഒഴുകിപോകാൻ തടസ്സമായി വരുന്നതു്. അവിടെ രണ്ടു തൂമ്പുകൾ ഉള്ളതിൽ ഇപ്പോൾ ഒരു തൂമ്പു മാത്രമെ വക്കു ചെയ്യുന്നുള്ളു. ഈ രണ്ടു് തൂമ്പുകളും എല്ലാക്കൊല്ലവും ശരിയായി ഉപയോഗപ്പെടുത്തുകവിധം നന്നായില്ലെങ്കിൽ കൊല്ലംതോറും ഈ മാതിരിയുള്ള നഷ്ടം വന്നുകൊണ്ടിരിക്കുമെന്നുള്ളതിനു് സംശയമില്ല.

**Mr. A. Madhava Prabhu** *(Diwan Peishkar)*: The Hon'ble Member is right. That is why the sluice is being repaired. It went out of order. That is a thing which some times happens.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: ഇനിമേലാലെങ്കിലും വേണ്ട സമയത്തു തൂമ്പുകൾ ശരിയായി വക്കുചെയ്യുന്നുണ്ടോ എന്നു ഗവമ്മെണ്ടു് അന്വേഷിക്കാമോ?

**Mr. A. Madhava Prabhu** *(Diwan Peishkar)*: It went out of order just at the nick of the time and it takes time to repair it. If it had gone out of order earlier, certainly it would have been repaired by the time the flow was needed.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: മുമ്പു് മുല്ലശ്ശേരിതോടിൽക്കൂടി വെള്ളം പോയിക്കൊണ്ടിരുന്നു. ഇപ്പോൾ ഇതിനു മാർഗ്ഗമില്ല. അതുകൊണ്ടു് ഈ കാര്യത്തിൽ ഗവമ്മെണ്ടു് പ്രത്യേകം ശ്രദ്ധവെക്കണം.

**Mr. A. Madhava Prabhu** *(Diwan Peishkar)*: Yes. That will be done.

മിസ്റ്റർ കെ. എം. ഇബ്രാഹിം: മത്സ്യവലകൾ എന്നു പറഞ്ഞുവല്ലൊ, എന്തുജാതി വലകളാണു് വയ്ക്കുന്നതു്?

**Mr. A. Madhava Prabhu** *(Diwan Peishkar)*: The ordinary net which is now at the mouth of big canals—all navigation canals.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ചീനവലകളാണോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. മാധവപ്രഭു: അല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം: വാരിക്കഷണങ്ങൾ കൊണ്ടുണ്ടാക്കിയിട്ടുള്ളതാണോ?

മിസ്റ്റർ എ. മാധവപ്രഭു: അതെ.

## THEMBARAMADAKKU IRRIGATION SCHEME

**188. Mr. N. V. Subbarayan Chettiar** *(Nominated):*

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു് ദയവായി മറുപടി പറയാമോ.—

(എ) തെമ്പാറമുടക്ക ഇറിഗേഷൻ സിസ്റ്റത്തിൽ മെയിൻറനൻസ്സിന്നു് വല്ല സംഖ്യയും കൂടുതൽ ചിലവു ചെയ്യാൻ ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അടുത്ത കൊല്ലത്തിലേക്കു് നല്ലേപ്പിള്ളി ബ്രാഞ്ചിൽ വെള്ളം തിരിക്കേണ്ട ആവശ്യമേ വേണ്ടിവരില്ലെന്നും, വെള്ളം തിരിച്ചാൽ വെള്ളം കയറുവാൻ ഇടയില്ലെന്നുമുള്ള സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

**Mr. V. K. Aravindaksha Menon** *(Chief Engineer):*

(എ & ബി) ജലവിതരണം തൃപ്തികരമായി നടത്തുന്നതിന്നു് വേണ്ടിവരുന്നതായ എല്ലാ മെയിൻറനൻസ്സു് ജോലികളും ചെയ്യുന്നതാണു്.

**189. Mr. N. V. Subbarayan Chettiar** *(Nominated):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു ദയവായി മറുപടി പറയാമോ.—

(എ) തെമ്പാറമുടക്ക ഇറിഗേഷനിൽ വെള്ളത്തിന്റെ ദുർവ്യയംകൊണ്ടു് ഇക്കൊല്ലത്തെ മുണ്ടകൻ വിളവിനു് വലുതായ നഷ്ടത്തിന്നു് ഇടയായിതീർന്നിട്ടില്ലേ;

(ബി) കമ്പാലത്തുറ ഏരി നന്നാക്കുന്നതിന്നു് ബ്രിട്ടീഷു് ഗവൺമെണ്ടിന്റെ അനുവാദം കിട്ടിയോ;

(സി) കിട്ടീട്ടില്ലെങ്കിൽ കഴിയുന്നവേഗം അനുവാദം വാങ്ങി മേലിലെങ്കിലും കൃഷിക്കു് നഷ്ടം നേരിടാതിരിപ്പാൻ ഗവൺമെണ്ടിന്നു് സന്മനസ്സുണ്ടാകുമോ?

**Mr. V. K. Aravindaksha Menon** *(Chief Engineer):*

(എ) തെമ്പാറമുടക്ക ഇറിഗേഷന്റെ ചില ഭാഗങ്ങളിൽ വെള്ളത്തിന്റെ ദുർവ്യയം കുറച്ചു ഉണ്ടായിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ ഗവൺമെണ്ടു് കഴിയുന്നത്ര പരിശ്രമിക്കുന്നുണ്ടു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: വെള്ളത്തിന്റെ ദുർവ്യയം ഉണ്ടായിട്ടു എത്രകാലമായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ. കുറച്ചുകാലമായി. ഇങ്ങിനെ അതിപ്രധാനമായിട്ടുള്ള ഇറിഗേഷൻ ജോലികൾ നടത്തുന്നതിന്നു കുറച്ചു് അധികം കാലം പിടിക്കുന്നതാണു്. അതിനെപ്പറ്റി ഇപ്പോൾ ഗവൺമെണ്ടു് വളരെ ജാഗ്രതയായിട്ടു നടപടി നടത്തുന്നതാണു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻചെട്ടിയാർ: ബ്രിട്ടീഷു് ഗവൺമെണ്ടിലേക്കു് എഴുതിയയച്ചതിന്നു മറുപടി എന്നു കിട്ടും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ. ഫാ, ഡ ൦ ദിവസത്തിനുള്ളിൽ ഫേവറബിലായിട്ടുള്ള ഒരു റിപ്പു് വരുമെന്നാണു് വിചാരിക്കുന്നതു്.

—

**Mr. K. M. Ibrahim** *(Cranganur):* I humbly request the Hon'ble President to kindly allow me to put the next question because that is a matter which effects my constituency. Though the Hon'ble Member is absent, I request the Hon'ble President to please allow me to put the question.

**Mr. President:** Yes.

## AZHIKODE-ARAKULAM BRIDGE

**190. Khan Sahib Ismail Hajee Issa Sait** *(Mattancheri):*

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) അഴീക്കോട്ടു അരാകുളം റോഡിലെ പാലം പൊളിച്ചുമാറ്റീട്ടു എത്രകാലമായി;

LIBRARY ARCHIVES Kerala Legislative Assembly